"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ല, കാസർഗോഡ് താലൂക്കിൽ ചെങ്കള വില്ലേജിൽ റീസർവ്വേ നമ്പർ 231/6-ൽപ്പെടുന്ന 0.4047 ഹെക്ടർ ഭൂമി 29.1.2020 ലെ സ.ഉ.(കൈ)നം.40/2020/റവ നമ്പർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ന്യായ വിലയുടെ 10% തുക ഈടാക്കി ചെർക്കള മുഹിയുദ്ദീൻ വലിയ ജുമാ മസ്ജിദ് ജമാ അത്ത് കമ്മിറ്റിയുടെ പേരിൽ പതിച്ച് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എം) വകുപ്പ്

സ.ഉ.(കൈ) നം.213/2024/RD   തീയതി,തിരുവനന്തപുരം, 01-11-2024

---

പരാമർശം:- 1. 29.1.2020 ലെ സ.ഉ.(കൈ) നം.40/2020/റവ.

2. കാസർഗോഡ് ജില്ലാ കളക്ടറുടെ 16/06/2022-ലെ DCKSGD/7982/2020-C2 നമ്പർ കത്ത്.

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 07/11/2023 ലെ LR/ 1000/ 2021-LRJ10 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ല, കാസർഗോഡ് താലൂക്കിൽ ചെങ്കള വില്ലേജിൽ റീസർവ്വേ നമ്പർ 231/6 ൽ പ്പെടുന്ന 0.4047 ഹെക്ടർ ഭൂമി പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ന്യായ വിലയുടെ 10% തുക ഈടാക്കി ചെർക്കള മുഹിയുദ്ദീൻ വലിയ ജുമാ മസ്ജിദ് ജമാ അത്ത് കമ്മിറ്റിക്ക് പതിച്ചു നൽകുന്നതിനു പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിച്ചിരുന്നു. ആരാധനാലയങ്ങളുടെ കൈവശഭൂമി സ്വാതന്ത്ര്യലബ്ധിക്ക് മുൻപ് കൈവശം വച്ചിട്ടുള്ളതാണെന്നു തെളിയിക്കുന്നതിന് രേഖകൾ ഹാജരാക്കുന്ന പക്ഷം പരമാവധി 1 ഏക്കർ ഭൂമി ഫെയർ വാല്യൂവിന്റെ 10% നിരക്കിൽ പതിച്ചു നൽകാവുന്നതാണെന്ന് 29/1/2020-ലെ സ.ഉ.(കൈ)നം.40/2020/റവ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

2) ചെങ്കള വില്ലേജിൽ റീ.സ.നമ്പർ 231/6-ൽപെട്ട 0.4047 ഹെക്ടർ ഭൂമി 100 വർഷത്തിലേറേയായി ടി മസ്ജിദ് കൈവശം വച്ചിരിക്കുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷാ വസ്തു ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പേ കൈവശം വച്ചിരുന്നു എന്ന് തെളിയിക്കുന്നതിന് 1931 ജൂൺ മാസം 15-ന് 967/1931 നമ്പരായി കാസർഗോഡ് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത കന്നഡ ഭാഷയിൽ ഉള്ള ജന്മാധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ടി ആധാരത്തിന്റെ മലയാളം പരിഭാഷയും ലഭ്യമാക്കിയിട്ടുണ്ട്. ടി ആധാരത്തിന്റെ സ്വത്തുവിവരത്തിൽ നാലതിരുകളിൽ കിഴക്ക് 'മസ്ജിദ് വളപ്പിന്റെ വരമ്പ് ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ നിന്നും 1931-ന് മുമ്പ് തന്നെ അപേക്ഷാഭൂമി മസ്ജിദിന്റെ കൈവശം ആയിരുന്നുവെന്ന് മനസിലാക്കാം. അതല്ലാതെ അപേക്ഷാഭൂമി പള്ളിക്കമ്മിറ്റി

സ്വാതന്ത്ര്യത്തിന് മുൻപ് കൈവശം വച്ച് വരുന്നതിന് മറ്റ് രേഖകളൊന്നും ലഭ്യമല്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 29.1.2020 ലെ സ.ഉ.(കൈ) നം.40/2020/റവ നമ്പർ ഉത്തരവ് പ്രകാരം ഫെയർ വാല്യൂവിന്റെ 10% നിരക്കിൽ പതിച്ച് നൽകാവുന്നതാണെന്നും ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. 25.3.2023-ലെ സ.ഉ.(പി) 45/2023/നി.വ പ്രകാരം ചെങ്കള വില്ലേജിൽ റീസർവ്വേ നമ്പർ 231/6 ൽ പ്പെട്ട 0.4047 ഹെക്ടർ ഭൂമിക്ക് 51,28,358/-രൂപ (അൻപത്തൊന്ന് ലക്ഷത്തി ഇരുപത്തെട്ടായിരത്തി മുന്നൂറ്റി അൻപത്തെട്ട് രൂപ മാത്രം) ന്യായവില നിശ്ചയിക്കാവുന്നതാണ്. 29.1.2020 ലെ സ.ഉ.(കൈ) നം.40/2020/റവ നമ്പർ ഉത്തരവ് പ്രകാരം ന്യായവിലയുടെ 10% ആയ 5,12,835/- രൂപ (അഞ്ച് ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) ഈടാക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് താലൂക്കിൽ ചെങ്കള വില്ലേജിൽ റീ.സ. നമ്പർ 231/6-ൽപെട്ട 0.4047 ഹെക്ടർ (1 ഏക്കർ) ഭൂമി ചേർക്കള മുഹിയുദ്ദീൻ വലിയ ജുമാ മസ്ജിദ് ജമാ അത്ത് കമ്മിറ്റിയുടെ പേരിൽ 29.1.2020-ലെ സ.ഉ.(കൈ) നം.40/2020/റവ.നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ന്യായവിലയുടെ 10% തുകയായ 5,12,835/- രൂപ (അഞ്ച് ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) ഈടാക്കി പ്രസ്തുത ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഇക്കാര്യത്തിലുള്ള നിയമാനുസൃതമായ തുടർനടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
തഹസിൽദാർ, കാസർഗോഡ്
പ്രസിഡന്റ്, ചെർക്കള മുഹിയുദ്ദീൻ വലിയ ജുമാമസ്ജിദ് ജമാ അത്ത് കമ്മിറ്റി . ചെങ്കള പി.ഒ, കാസർഗോഡ്
ധനകാര്യ വകുപ്പ് (14/02/2024ലെ 2657961 : Exp D3/2/2024/Fin പ്രകാരം)
നിയമ വകുപ്പ് (30/07/2024-ലെ റ്റി.കെ -2/42/2024- നിയമം പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ് (30/10/2024-ലെ ഇനം നമ്പർ 2478 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 02-11-2024 10:47:33

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
അഡിഷണൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്

**<u>രഹസ്യം</u>**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-10-2024

ഫയൽ നം. എം3/238/2021/റവ.

ഇനം നം: 2478

വിഷയം : റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ല, കാസർഗോഡ് താലൂക്കിൽ, ചെങ്കള വില്ലേജിൽ റീസർവ്വേ നമ്പർ 231/6-ൽപ്പെടുന്ന 0.4047 ഹെക്ടർ (1 ഏക്കർ) ഭൂമി ചേർക്കള മുഹിയുദ്ദീൻ വലിയ ജൂമാ മസ്ജിദ് ജമാ അത്ത് കമ്മിറ്റിക്ക് പതിച്ച് നല്കുന്നതിന് അനുമതി നൽകുന്ന വിഷയം - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

30/10.

30/10
received 1/11/24 9.38AM

2478

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം3/238/2021-റവ |
| 2. | വകുപ്പ് | റവന്യൂ (എം) വകുപ്പ് |
| 3. | വിഷയം | കാസർഗോഡ് ജില്ല, കാസർഗോഡ് താലൂക്കിൽ ചെങ്കള വില്ലേജിൽ റീസർവ്വേ നമ്പർ 231/6 ൽ പ്പെടുന്ന 0.4047 ഹെക്ടർ (1 ഏക്കർ) ഭൂമി ചേർക്കള മുഹിയുദ്ദീൻ വലിയ ജുമാ മസ്ജിദ് ജമാ അത്ത് കമ്മിറ്റിക്ക് പതിച്ച് നല്കുന്നതിന് അനുമതി നൽകുന്ന വിഷയം സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15.03.2024 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>(നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്.) |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഗോപകുമാർ ആർ.എൽ |
| 8. | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 10/10/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23/10/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 27/10/2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29/10/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കാസർഗോഡ് ജില്ല, കാസർഗോഡ് താലൂക്കിൽ ചെങ്കള വില്ലേജിൽ റീസർവ്വേ നമ്പർ 231/6 ൽ പ്പെടുന്ന 0.4047 ഹെക്ടർ (1 ഏക്കർ) ഭൂമി ചേർക്കള മുഹിയുദ്ദീൻ വലിയ ജുമാ മസ്ജിദ് ജമാ അത്ത് കമ്മിറ്റിക്ക് പതിച്ച് നല്കുന്നതിന് അനുമതി നൽകുന്ന വിഷയം സംബന്ധിച്ച കുറിപ്പാണിത്.

2) കാസർഗോഡ് ജില്ല, കാസർഗോഡ് താലൂക്കിൽ ചെങ്കള വില്ലേജിൽ റീസർവ്വേ നമ്പർ 231/6 ൽ പ്പെടുന്ന 40.47 ആർ ഭൂമി 29.1.2020 ലെ സ.ഉ.(കൈ) നം.40/2020/റവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ന്യായ വിലയുടെ 10% തുക ഈടാക്കി ചെർക്കള മുഹിയുദ്ദീൻ വലിയ ജുമാ മസ്ജിദ് ജമാ അത്ത് കമ്മിറ്റിക്ക് പതിച്ചു നൽകുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മിഷണർ സമർപ്പിച്ചിരുന്നു. ആരാധനാലയങ്ങളുടെ കൈവശഭൂമി സ്വാതന്ത്ര്യ ലബ്ധിക്ക് മുൻപ് കൈവശം വച്ചിട്ടുള്ളതാണെന്നു തെളിയിക്കുന്നതിന് രേഖകൾ ഹാജരാക്കുന്ന പക്ഷം പരമാവധി 1 ഏക്കർ ഭൂമി ഫെയർ വാല്യൂവിന്റെ 10% നിരക്കിൽ പതിച്ചു നൽകാവുന്നതാണെന്ന് 29/1/2020-ലെ സ.ഉ.(കൈ)നം.40/2020/റവ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

3) ടി വസ്തു സ്വാതന്ത്ര്യലബ്ധിക്ക് മുമ്പു തന്നെ ടി മസ്ജിദിന്റെ കൈവശത്തിലിരിക്കുന്നതാണെന്ന് തെളിയിക്കുന്നതിന് 1931 ജൂൺ 15 ന് കാസർഗോഡ് എസ്.ആർ.ഓ-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും കന്നട ഭാഷയിലുള്ളതുമായ ആധാരം, അതിന്റെ മലയാളം പരിഭാഷ എന്നിവയുടെ പകർപ്പുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. 2007-08 മുതലുള്ള വരവു ചെലവു കണക്കുകളുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടുണ്ട് എന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ആധാരത്തിന്റെ മലയാള പരിഭാഷയിൽ ആധാര പ്രകാരം കൈമാറ്റം ചെയ്യുന്ന 19 സെന്റ് വസ്തുവിന്റെ കിഴക്കേ അതിർത്തി 'പള്ളി മസ്ജിദ് വളപ്പിന്റെ വരമ്പ്' എന്ന് പരാമർശിച്ചിട്ടുണ്ട്. ഈ പരാമർശമാണ് ടി വസ്തു സ്വാതന്ത്ര്യലബ്ധിക്ക് മുമ്പു തന്നെ മസ്ജിദിന്റെ കൈവശത്തിലിരിക്കുന്നതാണെന്നതിലേക്ക് തെളിവായി ഹാജരാക്കിയിട്ടുള്ളത്. കന്നഡ ഭാഷയിലുള്ള ആധാരത്തിന്റെ മലയാള പരിഭാഷ ഹാജരാക്കിയിട്ടുള്ളതും മുഹിയുദ്ദീൻ വലിയ ജുമാ മസ്ജിദ് ജമാ അത്ത് കമ്മിറ്റിയാണ്.

4) സ്വാതന്ത്ര്യ ലബ്ധിക്ക് മുൻപ് തന്നെ ഭൂമി കൈവശം ഉണ്ടായിരുന്നു എന്ന് തെളിയിക്കുന്നതിന് അപേക്ഷകർ ഹാജരാക്കിയിട്ടുള്ള 1931 ജൂൺ 15 ന്

കാസർഗോഡ് എസ്.ആർ.ഓ-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും കന്നട ഭാഷയിലുള്ളതുമായ ആധാരം തെളിവുരേഖയായി സ്വീകരിക്കാവുന്നതാണോ എന്നത് സംബന്ധിച്ച നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

5) ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.
"ഭരണ വകുപ്പിന്റെ ഫയലിനൊപ്പം ഹാജരാക്കിയ മലയാളത്തിലുള്ള പരിഭാഷ ആധികാരിക രേഖ ആണെന്ന് കാണുന്നതിന് എതെങ്കിലും ആൾ പ്രമാണീകരിച്ചതായി കാണുന്നില്ല. കന്നടയിൽ നിന്നും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് ആധികാരികമാണെന്ന് ഏതെങ്കിലും കന്നട ഭാഷാ പണ്ഡിതൻ പ്രമാണീകരിച്ച് നല്കുന്ന മുറയ്ക്ക് പതിച്ച് നല്കാൻ ഉദ്ദേശിക്കുന്ന ഭൂമി സ്വാതന്ത്ര്യ ലബ്ധിക്ക് മുമ്പ് തന്നെ മസ്ജിദിന്റെ വകയാണെന്ന് തെളിയിക്കുന്നതിനുള്ള പരിമിതമായ ആവശ്യത്തിലേക്കുള്ള ഒരു ആധികാരിക രേഖയായി കണക്കാക്കി ടി സർക്കാർ ഉത്തരവിലെ മറ്റു നിബന്ധനകൾ പാലിക്കപ്പെടുന്ന പക്ഷം സർക്കാർ ഭൂമിയുടെ പതിവ് ചട്ടങ്ങൾ പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച് കൊണ്ട് പതിച്ച് നല്കുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

6) നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് താലൂക്കിൽ, ചെങ്കള വില്ലേജിൽ റീസർവ്വേ നമ്പർ 231/6 ൽ പ്പെടുന്ന 40.47 ആർ ഭൂമി സ്വാതന്ത്ര്യ ലബ്ധിക്ക് മുൻപ് തന്നെ കൈവശം ഉണ്ടായിരുന്നു എന്ന് തെളിയിക്കുന്നതിന് അപേക്ഷകർ ഹാജരാക്കിയിട്ടുള്ള 1931 ജൂൺ 15 ന് കാസർഗോഡ് എസ്.ആർ.ഓ യിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും കന്നട ഭാഷയിലുള്ളതുമായ ആധാരം കന്നടയിൽ നിന്നും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതിന്റെ ആധികാരികത ഏതെങ്കിലും കന്നട ഭാഷാ പണ്ഡിതനെക്കൊണ്ട് പ്രമാണീകരിച്ച് ആയത് സഹിതം വ്യക്തമായ ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ലഭ്യമാക്കുവാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.

7) ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ചെങ്കള റീ.സ.നമ്പർ 231/6-ൽപെട്ട 0.4047 ഹെക്ടർ ഭൂമി 100 വർഷത്തിലേറേയായി ടി മസ്ജിദ് കൈവശം വച്ചിരിക്കുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷാ വസ്തു ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പേ കൈവശം വച്ചിരുന്നു എന്ന് തെളിയിക്കുന്നതിന് 1931 ജൂൺ മാസം 15-ന് 967/1931 നമ്പരായി കാസർഗോഡ് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത

കന്നഡ ഭാഷയിൽ ഉള്ള ജന്മാധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ടി ആധാരത്തിന്റെ മലയാളം പരിഭാഷയും ലഭ്യമാക്കിയിട്ടുണ്ട്. ടി ആധാരത്തിന്റെ സ്വത്തുവിവരത്തിൽ നാലതിരുകളിൽ കിഴക്ക് 'മസ്ജിദ് വളപ്പിന്റെ വരമ്പ് ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ നിന്നും 1931–ന് മുമ്പ് തന്നെ അപേക്ഷാഭൂമി മസ്ജിദിന്റെ കൈവശം ആയിരുന്നുവെന്ന് മനസിലാക്കാം. അതല്ലാതെ അപേക്ഷാഭൂമി പള്ളിക്കമ്മിറ്റി സ്വാതന്ത്ര്യത്തിന് മുൻപ് കൈവശം വച്ച് വരുന്നതിന് മറ്റ് രേഖകളൊന്നും ലഭ്യമല്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 29.1.2020 ലെ സ.ഉ.(കൈ)നം.40/2020/റവ നമ്പർ ഉത്തരവ് പ്രകാരം ഫെയർ വാല്യൂവിന്റെ 10% നിരക്കിൽ പതിച്ച് നൽകാവുന്നതാണെന്നും ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. 25.3.2023–ലെ സ.ഉ.(പി)45/2023/നി.വ പ്രകാരം ചെങ്കള വില്ലേജിൽ റീസർവ്വേ നമ്പർ 231/6 ൽ പ്പെട്ട 0.4047 ഹെക്ടർ ഭൂമിക്ക് 51,28,358/–രൂപ (അൻപത്തൊന്ന് ലക്ഷത്തി ഇരുപത്തെട്ടായിരത്തി മുന്നൂറ്റി അൻപത്തെട്ട് രൂപ മാത്രം) ന്യായവില നിശ്ചയിക്കാവുന്നതാണ്. 29.1.2020 ലെ സ.ഉ.(കൈ) നം.40/2020/റവ നമ്പർ ഉത്തരവ് പ്രകാരം ന്യായവിലയുടെ 10% ആയ 5,12,835/– (അഞ്ച് ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) ഈടാക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്യുകയുണ്ടായി.

8) കാസർഗോഡ് ജില്ല, കാസർഗോഡ് താലൂക്കിൽ, ചെങ്കള വില്ലേജിൽ റീ.സനമ്പർ 231/6–ൽപ്പെട്ട 0.4047 ഹെക്ടർ (1 ഏക്കർ ) ഭൂമി ചേർക്കള മുഹിയുദ്ദീൻ വലിയ ജുമാ മസ്ജിദ് ജമാ അത്ത് കമ്മിറ്റിക്ക് 29.1.2020 ലെ സ.ഉ. (കൈ)നം.40/2020/റവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ന്യായവിലയുടെ 10% തുകയായ 5,12,835/– രൂപ (അഞ്ച് ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) ഈടാക്കി പതിച്ച് നല്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:–
"പരാമർശിത ഭൂമി പള്ളിയുടെ കൈവശത്തിലും ഉപയോഗത്തിലുമാണ് എന്നതിനാലും, ഭൂമി ഒഴിപ്പിച്ച് സർക്കാരിന്റെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് പ്രായോഗികമല്ല എന്ന വസ്തുത കണക്കിലെടുത്തും കാസർഗോഡ് താലൂക്കിൽ ചെങ്കള വില്ലേജിൽ റീ.സർവ്വേ നമ്പർ 231/6–ൽപെട്ട 0.4047 ഹെക്ടർ (1 ഏക്കർ) ഭൂമി ചേർക്കള മുഹിയുദ്ദീൻ വലിയ ജുമാ മസ്ജിദ് ജമാ അത്ത് കമ്മിറ്റിക്ക് 29.1.2020 ലെ സ.ഉ.(കൈ)നം.40/2020/റവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ന്യായവിലയുടെ 10% തുകയായ 5,12,835 രൂപ ഈടാക്കി മന്ത്രിസഭയുടെ അംഗീകാരത്തോടെ പതിച്ച് നല്കുന്നതിനോട് ധനവകുപ്പ്

യോജിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

9) കാസർഗോഡ് ജില്ല, കാസർഗോഡ് താലൂക്കിൽ, ചെങ്കള വില്ലേജിൽ റീ.സ. നമ്പർ 231/6-ൽപെട്ട 0.4047 ഹെക്ടർ (1 ഏക്കർ) ഭൂമി ചേർക്കള മുഹിയുദ്ദീൻ വലിയ ജുമാ മസ്ജിദ് ജമാ അത്ത് കമ്മിറ്റിയുടെ പേരിൽ 29.1.2020 ലെ സ.ഉ.(കൈ) നം.40/2020/റവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ന്യായവിലയുടെ 10% തുകയായ 5,12,835/- രൂപ (അഞ്ച് ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) ഈടാക്കി പതിച്ച് നല്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള ഉത്തരവിനായി ഫയൽ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി മുഖേന ബഹു മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തിരുന്നു. ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി .

10) ആയതിന്റെ അടിസ്ഥാനത്തിൽ കരട് കുറിപ്പുകൾ സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെ പറയും പ്രകാരം നിർദ്ദേശിച്ചിരുന്നു:

'സ്ഥാപനങ്ങളും സംഘടനകളും മതിയായ രേഖകളില്ലാതെ കൈവശം വച്ചു വരുന്ന ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 29.01.2020 ലെ സ.ഉ(കൈ) 40/2020/റവ നമ്പർ ഉത്തരവിൽ, ഭൂമി സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുൻപുതന്നെ കൈവശം വച്ചുവരുന്നതാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്ന പക്ഷം ന്യായവിലയുടെ 10% ഈടാക്കി പതിച്ചുനൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് .

അതനുസരിച്ച് ചേർക്കള മുഹിയുദ്ദീൻ വലിയ ജുമാ മസ്ജിദ് ജമാ അത്ത് കമ്മിറ്റി തങ്ങളുടെ കൈവശമുള്ള ഭൂമി സ്വാതന്ത്ര്യലബ്ധിക്കു മുൻപു തന്നെ കൈവശം വച്ചുവരുന്നതാണെന്ന് തെളിയിക്കുന്നതിന് കന്നടഭാഷയിൽ 1931 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊട്ടടുത്ത ഭൂമിയുടെ ഒരു ആധാരമാണ് ഹാജരാക്കിയിട്ടുള്ളത്. കന്നടയിൽ നിന്നും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ ആധാരം ആധികാരിക രേഖയാണെന്ന് ഏതെങ്കിലും കന്നടഭാഷാ പണ്ഡിതൻ പ്രമാണീകരിച്ച് നൽകുന്ന മുറയ്ക്ക് ഭൂമി പതിച്ചുനൽകുന്ന കാര്യം പരിഗണിക്കാമെന്നാണ് നിയമവകുപ്പ് അഭിപ്രായപ്പെട്ടിരുന്നത്. അപ്രകാരം പരിഭാഷപ്പെടുത്തിയ ആധാരത്തിന്റെ ആധികാരികത കന്നടഭാഷാ പണ്ഡിതൻ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ 1931 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള കന്നട ഭാഷയിലുള്ള ആധാരത്തിന്റെ ആധികാരികത നിയമ

വകുപ്പിലെ കന്നട പരിഭാഷാ വിഭാഗത്തെക്കൊണ്ട് പരിശോധിച്ച് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.'

11) പ്രസ്തുത നിർദ്ദേശം ബഹു. മുഖ്യമന്ത്രി അംഗീകരിച്ചിട്ടുണ്ട്.

12) ആയതിന്റെ അടിസ്ഥാനത്തിൽ ചെർക്കള മുഹിയുദ്ദീൻ വലിയ ജുമാമസ്ജിദ് ജമാ അത്ത് കമ്മിറ്റി തങ്ങളുടെ കൈവശമുള്ള ഭൂമി സ്വാതന്ത്ര്യലബ്ധിക്ക് മുൻപ് തന്നെ കൈവശം വച്ച് വരുന്നതാണെന്ന് തെളിയിക്കുന്നതിന് കന്നട ഭാഷയിലുള്ള ആധാരത്തിന്റെ ആധികാരികത നിയമ വകുപ്പിലെ കന്നട പരിഭാഷാ വിഭാഗത്തെ കൊണ്ട് പരിശോധിപ്പിച്ച് ലഭ്യമാക്കുന്നതിനായി ഫയൽ നിയമ വകുപ്പിലേക്ക് അയച്ചിരുന്നു.

13) ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്:
'റവന്യൂ വകുപ്പ് ആവശ്യപ്പെട്ട പ്രകാരം ടി വകുപ്പ് ലഭ്യമാക്കിയ കന്നട ഭാഷയിൽ 1931-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരത്തിന്റെ മലയാള പരിഭാഷ പരിശോധിച്ചതിൽ കന്നടയിലുള്ള ആധാരത്തിന്റെ പേജ് നമ്പർ 50-ലെ അവസാനത്തെ വരിയും പേജ് നമ്പർ 52 ലെ ആദ്യത്തെ വരിയും അതായത് മലയാള പരിഭാഷയുടെ പേജ് നമ്പർ 55-ൽ പറയും പ്രകാരമുള്ള 13-ാമത്തെയും 14-ാമത്തെയും വരികളിലെ "അംശത്തിൽ നിങ്ങൾക്കുള്ള 1/2 അംശ അവകാശത്തിനെ ഈ തീയതിയിൽ നിങ്ങൾ എനിക്ക് ഈ മുഖേന" എന്ന വാക്കുകൾ ടി വകുപ്പ് ലഭ്യമാക്കിയ കന്നഡ ആധാരത്തിന്റെ പകർപ്പിൽ വ്യക്തമായി പതിഞ്ഞു കാണുന്നില്ല. കൂടാതെ കന്നഡയിലുള്ള ആധാരത്തിന്റെ പകർപ്പിലെ പേജ് നമ്പർ 53-ലെ അവസാനത്തെ 7 വരികളും, പേജ് നമ്പർ 51 ലെയും 54 ലെയും വരികൾ പൂർണ്ണമായും അതായത് മലയാള പരിഭാഷയുടെ പേജ് നമ്പർ 57 പ്രകാരമുള്ള വിവരങ്ങൾ പൂർണ്ണമായും വ്യക്തമല്ല. ആയത് ഒഴികെയുള്ള ടി ആധാരത്തിന്റെ മലയാള പരിഭാഷ ക്രമത്തിലാണ് എന്നുള്ള വിവരം ബന്ധപ്പെട്ട ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്.'

14) 1931 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള കന്നഡ ഭാഷയിലുള്ള ആധാരത്തിന്റെ പരിഭാഷയിൽ 'പള്ളി മസ്ജിദന്റെ വരമ്പ് ' എന്ന് പരാമർശിക്കുന്ന ഭാഗം സംബന്ധിച്ച് നിയമവകുപ്പ് ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതിനാൽ ടി മലയാള പരിഭാഷ ആധികാരികമാണെന്ന് കണക്കാക്കി നിയമവകുപ്പിന്റെ അഭിപ്രായം കൂടി ഉൾപ്പെടുത്തി മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പുകൾ സമർപ്പിക്കാമോയെന്നതിന്മേൽ ഉത്തരവിനായി ഫയൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ചിരുന്നു.

15) 1931 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള കന്നഡ ആധാരത്തിന്റെ മലയാള

പരിഭാഷ ക്രമത്തിലാണെന്ന് നിയമ (പരിഭാഷ) വകുപ്പ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് തയ്യാറാക്കി സമർപ്പിക്കാൻ ചീഫ് സെക്രട്ടറി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

കാസർഗോഡ് താലൂക്കിൽ ചെങ്കള വില്ലേജിൽ റീ.സ. നമ്പർ 231/6-ൽപെട്ട 0.4047 ഹെക്ടർ (1 ഏക്കർ ) ഭൂമി ചേർക്കള മുഹിയുദ്ദീൻ വലിയ ജുമാ മസ്ജിദ് ജമാ അത്ത് കമ്മിറ്റിയുടെ പേരിൽ 29.1.2020-ലെ സ.ഉ.(കൈ) നം.40/2020/റവ.നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ന്യായവിലയുടെ 10% തുകയായ 5,12,835/- രൂപ (അഞ്ച് ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്റി മുപ്പത്തിയഞ്ചു രൂപ മാത്രം) ഈടാക്കി പ്രസ്തുത ഉത്തരവിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നൽകാവുന്നതാണോ?